**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2867** **03-08-2021 - ൽ മറുപടിയ്ക്ക്**

**മൊബൈൽ ക്രഷ് പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ ഡി കെ മുരളി</td><td colspan="2">Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ഇതരസംസ്ഥാന തൊഴിലാളികളുടെ കുട്ടികളെ പരിപാലിക്കുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള മൊബൈൽ ക്രഷ് പദ്ധതി സംസ്ഥാനത്ത് എവിടെയൊക്കെയാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;</td><td>(എ)</td><td>കേരളത്തിലെ നിർമ്മാണമേഖലയിലും മറ്റ് തൊഴിൽ മേഖലകളിലും ഉള്ള പ്രവർത്തനങ്ങൾക്കായി എത്തിയിട്ടുള്ള ഇതര സംസ്ഥാന തൊഴിലാളികൾ പകൽ സമയങ്ങളിൽ തൊഴിലിൽ ഏർപ്പെടുന്ന സമയത്ത് അവരുടെ ആറു വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങളെ സുരക്ഷിതമായി പരിചരിക്കുക എന്ന ലക്ഷ്യത്തോടെ 2017-18 വർഷം എറണാകുളം ജില്ലയിൽ കൊച്ചി (അർബൻ-2) ICDS പ്രോജക്റ്റിന്റെ പരിധിയിൽ ആരംഭിച്ചതാണ് മൊബൈൽ ക്രഷ് പദ്ധതി. തുടർന്ന് തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ , തൃശ്ശൂർ, ഇടുക്കി, ആലപ്പുഴ എന്നീ ജില്ലകളിൽ കൂടി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. എന്നാൽ കോവിഡ് -19 വ്യാപനത്തെത്തുടർന്നുള്ള പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 31-05-2020 തീയതിയോടുകൂടി പദ്ധതി നിർത്തലാ-ക്കുന്നതിന് 12-07-2020 തീയതിയിലെ സ.ഉ (ആർ.റ്റി) നം. 326/2020/സാനീവ പ്രകാരം ഉത്തരവാകുകയും പ്രസ്തുത തീയതി മുതൽ പദ്ധതി നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത പദ്ധതി സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ?</td><td>(ബി)</td><td>പദ്ധതി നടപ്പിലാക്കിയിരുന്ന സമയത്ത് ICDS സൂപ്പർ വൈസർ, ശിശു വികസന പദ്ധതി ഓഫീസർ തലത്തിൽ നേരിട്ടുള്ള മോണിറ്ററിംഗും പ്രോഗ്രാം ഓഫീസർ തലത്തിൽ ജില്ലാതല അവലോകനവും നടത്തി വന്നിരുന്നു. പ്രസ്തുത ക്രഷുകൾക്ക് ആവശ്യകത അനുസരിച്ച് ഫണ്ട് നല്കിയിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ